ഉത്തരം

(എ & ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ളതും അവയുടെ വികസനത്തിനാവശ്യമില്ലാത്തതുമായ സ്ഥലം എത്രയുണ്ടെന്നും അവ വ്യാവസായികാവശ്യത്തിനായി ഉപയോഗിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുന്നതിനും കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്; ഇവ എങ്ങിനെ വിനിയോഗിക്കണമെന്ന് തീരുമാനിച്ചിട്ടില്ല.

(സി) ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല.

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഒറ്റത്തവണ സഹായ പദ്ധതി

51 [2188] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്: വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്തെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളെയാണ് സാമ്പത്തികമായി ഒറ്റത്തവണ സഹായ പദ്ധതി പ്രകാരം സാമ്പത്തിക സഹായം നൽകി പ്രവർത്തനക്ഷമമാക്കിയിട്ടുള്ളത്;

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയിട്ടുള്ളത്;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്തെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾക്കാണ് സർക്കാർ ഫണ്ട് നൽകി പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റത്തവണ സഹായ പദ്ധതി നൽകി ലാഭകരമാക്കാവുന്ന സ്ഥാപനങ്ങളെക്കുറിച്ച് ക്യാബിനറ്റ് സബ്കമ്മിറ്റി പരിശോധിച്ചു വരുന്നതേ ഉള്ളൂ.

(ബി) അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങളും രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ ഡിവിഷനും അടച്ചുപൂട്ടിയിട്ടുണ്ട്.

(സി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

ജില്ലാതല കർമ്മ സമിതികൾ

52 [2189] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, മഞ്ഞളാംകുഴി അലി:
,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പീഡിത വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിന് സർക്കാരിന് ഉപദേശം നൽകുന്നതിനായി ജില്ലാതലത്തിൽ കർമ്മസമിതികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ഉപദേശങ്ങൾ ലഭിക്കുകയുണ്ടായി;

† അനുബന്ധം V കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവശതകൾ അനുഭവിക്കുന്നതായ എത്ര വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്?

ഉത്തരം

(എ) ഇക്കാര്യത്തിൽ സർക്കാരിന് ഉപദേശം നൽകുന്നതിനായി ജില്ലാതല കർമ്മസമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പലവിധ അവശത അനുഭവിക്കുന്ന ധാരാളം വ്യവസായ സ്ഥാപനങ്ങൾ ഉണ്ട്. എന്നാൽ ഇവയുടെ കണക്ക് ശേഖരിച്ചിട്ടില്ല.

വ്യവസായങ്ങൾക്കുള്ള പ്രത്യേക സാമ്പത്തിക മേഖലകൾ

53 [2190] ശ്രീ. കെ. മോഹൻകുമാർ:
,, കെ. സി. ജോസഫ്:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രത്യേക സാമ്പത്തിക മേഖലകളുണ്ട്;

(ബി) എന്തെല്ലാം വ്യവസായങ്ങൾക്കുള്ള പ്രത്യേക സാമ്പത്തിക മേഖലകളാണ് അവയെന്നു പറയുമോ;

(സി) ഈ സാമ്പത്തിക മേഖലകളിൽ വ്യവസായം ആരംഭിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ കാക്കനാടിനടുത്ത് പ്രവർത്തിക്കുന്ന കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ മാത്രമാണ് പൂർണ്ണമായും സ്ഥാപിച്ചിട്ടുള്ള പ്രത്യേക സാമ്പത്തിക മേഖല. ഇതുകൂടാതെ കേരളത്തിൽ രണ്ട് പ്രോഡക്ട് സ്പെസിഫിക് സ്പെഷ്യൽ ഇക്കണോമിക് സോണുകൾ സ്ഥാപിക്കുവാൻ കേന്ദ്ര സർക്കാരിന്റെ വാണിജ്യ മന്ത്രാലയം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോണിൽ എല്ലാത്തരം വ്യവസായങ്ങളും സ്ഥാപിക്കാവുന്നതാണ്. കൊച്ചിയിലെ കളമശ്ശേരിയിലുള്ള കിൻഫ്രയുടെ ഹൈടെക് പാർക്കിലെ 30 ഏക്കർ ഭൂമിയിൽ ഒരു ഇലക്ട്രോണിക് സ്പെഷ്യൽ ഇക്കണോമിക് സോൺ സ്ഥാപിക്കാനും മലപ്പുറത്തെ കാക്കഞ്ചേരിയിൽ 30 ഏക്കർ ഭൂമിയിൽ ഫുഡ് പ്രോസസിംഗ് സ്പെഷ്യൽ ഇക്കണോമിക് സോൺ സ്ഥാപിക്കാനും കേന്ദ്ര വാണിജ്യ മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്.

(സി) പ്രത്യേക വ്യവസായ മേഖലകളിൽ വ്യവസായം തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സംരംഭകർക്ക് കേന്ദ്രഗവൺമെന്റിന്റെ പോളിസി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

† അനുബന്ധം VI കാണുക.

LIBRARY ARCHIVES Kerala Legislative Assembly